ജിയോളജിക്കൽ അസിസ്റ്റന്റ് തസ്തികകൾ

1186 [2151] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർജലവകുപ്പിൽ എത്ര ജിയോളജിക്കൽ അസിസ്റ്റന്റു തസ്തികകളാണു നിലവിലുള്ളത്;

(ബി) അതിൽ എത്ര വേക്കൻസികളിൽ നിയമനം നടത്തിയിട്ടുണ്ട്;

(സി) സംവരണ തത്വമനുസരിച്ചു പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു അനുവദിച്ചിട്ടുള്ള തസ്തികകൾ എത്ര;

(ഡി) ഇപ്പോൾ പ്രസ്തുത തസ്തികകളിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാർ ജോലി നോക്കുന്നുണ്ട്;

(ഇ) നിലവിലുള്ള പി. എസ്. സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്കു ലിസ്റ്റിൽനിന്നും ബാക്കി ഒഴിവുകളിലേക്കു നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 12 തസ്തികകൾ.

(ബി) 3 വേക്കൻസികളിൽ

(സി) 2 തസ്തികകൾ

(ഡി) 2 പേർ

(ഇ) നിലവിലുള്ള സംവരണ തത്വമനുസരിച്ചു മതിയായ പ്രാതിനിധ്യം ഇപ്പോഴുണ്ടായിട്ടുണ്ട്. സംവരണം ചെയ്ത രണ്ടു തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളതിനാൽ പ്രസ്തുത ചോദ്യം ഉദിക്കുന്നില്ല.

കല്ലട ഇറിഗേഷൻ പ്രോജക്ടിനു വിട്ടുകിട്ടിയ സ്ഥലം

1187 [2153] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ആവശ്യത്തിലേക്കു വനംവകുപ്പിൽനിന്ന് എത്ര ഹെക്ടർ സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്;

(ബി) കേന്ദ്ര ഗവൺമെന്റിന്റെയോ സംസ്ഥാന വനം വകുപ്പിന്റെയോ അനുവാദമില്ലാതെ ജലസേചനവകുപ്പു ഉദ്യോഗസ്ഥൻമാർ അച്ചൽ റേഞ്ചിലെ നിബിഡവനത്തിലൂടെ ഒരു പുതിയ റോഡ് വെട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ റോഡിനുവേണ്ടി 7.7.1986 വരെ എത്ര സംഖ്യ ചെലവഴിച്ചു;

(ഡി) ഈ റോഡിന്റെ ആവശ്യമെന്തായിരുന്നു;

(ഇ) ബന്ധപ്പെട്ട മേലധികാരികളുടെ അനുവാദമില്ലാതെയാണ് ഈ റോഡ് വെട്ടിയെന്നുള്ള വസ്തുത ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly